**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 609** **23-07-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പ്രതിബദ്ധതയുള്ള യുവജനതയെ വാർത്തെടുക്കുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിന് യുവജനക്ഷേമ ബോർഡ് 'കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്' എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തിര സാഹചര്യം സംജാതമാകുന്ന പക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്ററി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവത്ക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിലെ ബോധവത്ക്കരണം തുടങ്ങിയവ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. അപകടങ്ങളും പ്രകൃതി ദുരന്തങ്ങളും ഉണ്ടാകുമ്പോൾ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന തരത്തിൽ സേനാംഗങ്ങൾക്ക് ആവശ്യമായ സാഹസിക കായിക പരിശീലനം(സ്കൂബാ ഡൈവിംഗ്, റിവർ ക്രോസിംഗ്, റോക്ക് ക്ലൈംമ്പിഗ് മുതലായവ), ഫയർ & റസ്ക്യൂ പരിശീലനം, പ്രഥമ ശുശ്രൂഷാ പരിശീലനം എന്നിവ നൽകിയിട്ടുണ്ട്. ആകെ 2750 ഓളം പേർക്ക് ഇതുവരെയായി സംസ്ഥാനതലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുള്ള യുവജനങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്തുടനീളം കോളേജ്/ കോളനികൾ എന്നിവ കേന്ദ്രീകരിച്ചും ക്ലബ്ബുകളുമായി സഹകരിച്ചും ബോധവത്ക്കരണ പരിപാടികളും ജില്ലാ |

| | | | |
|---|---|---|---|
| | | | സെമിനാറുകളും പ്രസംഗ മത്സരങ്ങളും, ആയോധനകല പരിശീലനവും സംഘടിപ്പിച്ചു വരുന്നു. കൂടാതെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് സ്ത്രീധനത്തിനെതിരെ ശക്തമായ ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ദുരന്ത നിവാരണത്തിനും മഹാമാരിയെ നേരിടുന്നതിനുമായി യുവജന കമ്മീഷൻ രൂപീകരിച്ച യൂത്ത് ഡിഫെൻസ് ഫോഴ്സിൽ സാമൂഹ്യ പ്രതിബന്ധതയുള്ള ഒരു കൂട്ടം യുവാക്കൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചും വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ യുവജന ക്ലബ്ബുകളെയും മറ്റു യുവജന സംഘടനകളെയും പങ്കെടുപ്പിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തെ യുവജന ക്ലബ്ബുകളെയും യുവജന സംഘടനകളെയും പങ്കെടുപ്പിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനായുള്ള നടപടികൾ കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 2021 ജനുവരി മാസം 26-ാം തീയതി എല്ലാ ജില്ലയിലും 14 നും 22നും മധ്യേ പ്രായമുള്ള 20 യുവതികൾക്കു വീതം സൈബർ അവയെർനെസ്സ് ക്ലാസ്സ് ഓൺലൈൻ ആയി സംഘടിപ്പിക്കുകയുണ്ടായി. കേരള വോളന്ററി യൂത്ത് ആക്ഷൻ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികളിലും വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ നടപ്പു സാമ്പത്തിക വർഷം യുവതീക്ലബ്ബുകൾ, ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകൾ, ട്രാൻസ് ജെൻഡേഴ്സ് ക്ലബ്ബുകൾ എന്നിവ രൂപീകരിച്ച് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനമൊട്ടാകെ മദ്യം - മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ